പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 116 — 10.06.2013-ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില വർദ്ധനവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; സ്വകാര്യ മദ്യ കമ്പനികൾക്ക് എത്ര ശതമാനം വർദ്ധന നല്കി; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, 2012-13 സാമ്പത്തിക വർഷത്തിൽ, ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ റേറ്റ് കോൺട്രാക്റ്റിലെ പർച്ചേസ് വില, 01.08.2012 മുതൽ ഉയർത്തുവാൻ കെ.എസ്.ബി.കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനിക്കുകയുണ്ടായി.<br><br>ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റേയും വൈനിന്റേയും നിലവിലുള്ള ബ്രാൻഡുകൾക്ക്, 2011-12 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ വാങ്ങിയ വിലയുടെ 6% വരെ ഉയർത്തിയതോ, 2012-13 സാമ്പത്തിക വർഷത്തിലേക്ക് വിതരണക്കാർ ക്വാട്ട് ചെയ്ത വിലയോ ഏതാണോ കുറവ് അത് നല്കുവാനും, പുതിയ ബ്രാൻഡുകളുടെ കാര്യത്തിൽ 2012-13 സാമ്പത്തിക വർഷത്തേയ്ക്ക് അവർ ക്വാട്ട് ചെയ്ത വിലയിൽ 5% കുറയ്ക്കുകയുമുണ്ടായി. ഈ വിലവർദ്ധന 01.08.2012 മുതലാണ് നിലവിൽ വന്നത്. |
| (ബി) 2011-12, 2012-13 എന്നീ വർഷങ്ങളിൽ ബിവറേജസ് കോർപ്പറേഷൻ ഏറ്റവും കൂടുതൽ മദ്യം വാങ്ങിയ കമ്പനികൾ ഏതൊക്കെയാണെന്നും, വാങ്ങിയ മദ്യം സംബന്ധിച്ച മൊത്തം കണക്കുകളും വിശദമാക്കാമോ; | (ബി) 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് മദ്യം വിതരണം ചെയ്ത കമ്പനികളുടേയും ബ്രാൻഡുകളുടേയും വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കമ്പനികൾ വീണ്ടും വില വർദ്ധിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനയാണാവശ്യപ്പെട്ടിരിക്കുന്നത്; പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) | എല്ലാ വർഷവും റേറ്റ് കോൺട്രാക്റ്റിലെ പർച്ചേസ് വില/ലാന്റഡ് കോസ്റ്റ് പ്രൈസ് ഉയർത്തുവാൻ മദ്യ കമ്പനികൾ ആവശ്യപ്പെടാറുണ്ട്. കമ്പനികൾ ക്വോട്ട് ചെയ്യുന്ന വില കെ.എസ്.ബി. കോർപ്പറേഷൻ അംഗീകരിക്കുന്ന തരത്തിൽ "ഫ്രീ പ്രൈസിംഗ്" നടപ്പിലാക്കണമെന്ന് മദ്യകമ്പനികൾ ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ ആവശ്യത്തിനുമേൽ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. എന്നാൽ, അബ്കാരി പോളിസി ഫൈനലൈസ് ചെയ്യുന്നതുവരെ. അതായത് 31.7.2013 വരെ 2012-13 സാമ്പത്തിക വർഷത്തിലെ റേറ്റ് കോൺട്രാക്റ്റ് തുടരുവാൻ തീരുമാനിച്ചു. ആയതിനാൽ, പുതിയ റേറ്റ് കോൺട്രാക്റ്റുകളൊന്നും മദ്യ കമ്പനികളിൽ നിന്നും ലഭിക്കുകയോ വില വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല. റേറ്റ് കോൺട്രാക്റ്റ് കമ്പനികളിൽ നിന്നും ക്ഷണിക്കുകയും കമ്പനികൾ നല്കുന്ന റേറ്റ് കോൺട്രാക്റ്റ് കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ റേറ്റ് കോൺട്രാക്റ്റിലെ പർച്ചേസ് വില ഉയർത്തുന്നത്, കെ.എസ്.ബി. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡാണ് |
| (ഡി) | ഈ സർക്കാർ ഇതിനകം നല്കിയ വർദ്ധനയിലൂടെ പ്രസ്തുത കമ്പനികൾക്ക് ലഭിച്ച അധിക തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | 40,87,88,996/- രൂപ |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

---

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**